### പതിമൂന്നാം കേരള നിയമസഭ - പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇടാത്ത നിയമസഭാചോദ്യം നമ്പർ 1037

12/06/2014-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ലാറ്റിൻ കാത്തലിക് മാനേജ്മെന്റിലെ അദ്ധ്യാപകരുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) നെയ്യാറ്റിൻകര ലത്തീൻ കത്തോലിക്കാ മാനേജ്മെന്റ് ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ നിയമിച്ചില്ലെന്ന കാരണത്താൽ പ്രസ്തുത മാനേജ്മെന്റിലെ ഏതാനും അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) 20/9/2008 മുതൽ ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ നിയമിച്ചതായി 19/11/2013-ലെ ജി.ഒ (ആർ.റ്റി) 4853/13/ജനറൽ എഡ്യൂക്കേഷൻ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ആയത് പരിഗണിക്കാതെ മാനേജ്മെന്റിലെ ഏതാനും അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ | (ബി) 3/6/2013-ലെ സർക്കാർ ഉത്തരവ് നമ്പർ 2318/13/പൊ.വി. വകുപ്പ് പ്രകാരം ശ്രീ. യേശുദാസൻ, ശ്രീ. ഷാജികുമാർ, ശ്രീമതി. ഗിൽഡമേരി എന്നിവരുടെ എച്ച്എസ്എ (പിഎസ്) മാരായുള്ള നിയമനങ്ങൾ അംഗീകരിക്കുവാൻ ഉത്തരവായി. ടി ഉത്തരവിൽ മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ നിയമനം ഏതു തീയതി മുതലാണ് എന്ന കാര്യത്തിൽ അവ്യക്തതയുള്ളതിനാൽ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ സർക്കാരിൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലാണ് 19/11/2013-ലെ സർക്കാർ ഉത്തരവ് നമ്പർ 4853/2013/പൊ.വി. വകുപ്പ് പ്രകാരം ടി മാനേജ്മെന്റിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ നിയമിച്ച ദിവസമായ 20/9/2008 മുതൽ മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുവാനുള്ള നിർദ്ദേശം നൽകിയത്. |

ശ്രീമതി. ലത വി. ആർ ന്റെ നിയമനം ഒരിക്കൽ അംഗീകരിച്ചത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിയമനം നിരസിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അഭ്യർത്ഥിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം 2/6/2008 മുതൽ ശ്രീമതി. ലത. വി.ആർ-ന് എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) ആയി അംഗീകരിച്ചു നൽകിയത് നിരസിക്കുകയും 1/6/2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുകയുമുണ്ടായി.

(സി) പ്രസ്തുത ഉത്തരവിൻ പ്രകാരം ഏതെങ്കിലും അദ്ധ്യാപകർക്ക് അപ്പ്രൂവൽ നൽകിയിട്ടുണ്ടോ

(സി) ടി സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം 20/9/2008 മുതൽ നൽകിയിട്ടുണ്ട്.

1. യേശുദാസൻ - (ഫിസിക്കൽ സയൻസ്)
2. ഷാജികുമാർ - (ഫിസിക്കൽ സയൻസ്)
3. ഗിൽഡാമേരി - (ഫിസിക്കൽ സയൻസ്)
4. ജയാംബിക - (ഗണിതം)

(ഡി) ലാറ്റിൻ കാത്തലിക് മാനേജ്മെന്റിൽ ജോലിചെയ്യുന്ന ഫിസിക്കൽ സയൻസ് അദ്ധ്യാപികമാരായ പ്രീതി ആർ. ദാനം, ബിന്ദു എന്നിവർക്ക് നിയമനം തടഞ്ഞുവച്ച കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ ? പ്രസ്തുത ഉത്തരവിൻ പ്രകാരം നിയമനം അംഗീകരിച്ച് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

(ഡി) ശ്രീമതി. പ്രീതി ആർ. ദാനത്തിന്റെയും (എച്ച്.എസ്.എ ഫിസിക്കൽ സയൻസ്) ബിന്ദുവിന്റെയും (എച്ച്.എസ്.എ ഫിസിക്കൽ സയൻസ്) യഥാക്രമം 1/6/2010, 2/6/2008 എന്നീ തീയതികളിലുള്ള നിയമനം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. സീനിയർ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കാത്തതു കാരണമായിരുന്നു നിയമനം നിരസിച്ചത്. പിന്നീട് അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 1/6/2011 മുതൽ നിയമനാംഗീകാരം

നൽകുകയുണ്ടായി. നിയമനതീയതി മുതൽ അംഗീകാരം ലഭിക്കണമെന്നാവാശ്യപ്പെട്ട് പ്രസ്തുത അദ്ധ്യാപകർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 19679/11 നമ്പർ റിട്ട് പെറ്റീഷനിലെ 30/1/2014 ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അദ്ധ്യാപകർക്ക് നേർക്കാഴ്ച (ഹിയറിംഗ്) അനുവദിക്കുകയുണ്ടായി. നേർക്കാഴ്ച വേളയിൽ ഉന്നയിച്ച വാദഗതികൾ വിശദമായി പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**